## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3899

20/07/2015 ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിൽ ആട് ഫാം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിൽ റീ സർവ്വേ No.11/1-ൽ പ്പെട്ട 25.91 ഏക്കർ ഭൂമി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആട് ഫാം സ്ഥാപിക്കുന്നതിന് വിട്ടു നൽകണമെന്ന ജില്ലാഭരണകൂടത്തിന്റെ അപേക്ഷയിൻമേൽ തീരുമാനം ആകാത്തതുമൂലം പദ്ധതി നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; (ഫയൽ നമ്പർ : 8691/L1/2013/RD) ;<br><br>(ബി) G.O. (Ms) 147/86/RD/ 21/2/86-ലെ ഉത്തരവു പ്രകാരം സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിന് വിട്ടുനൽകുകയും ഇതുവരെ ഇതിൽ പ്രസ്തുത വകുപ്പ് ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വീണ്ടും വീണ്ടും പ്രസ്തുത വകുപ്പിന് ആവശ്യമുണ്ടോ എന്ന ചോദ്യം ഉന്നയിച്ച് ഭൂമി ആട്ഫാമിന് വിട്ടുതരുന്നതിന് കാലതാമസംവരുത്തുന്ന നടപടി ഒഴിവാക്കി പ്രസ്തുത കേന്ദ്രസർക്കാർ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്ന കാര്യം | (എ) യും (ബി) യും | "6.9.1978 ലെ സർക്കാർ ഉത്തരവ് നം.1289/1978/ആർ.ഡി പ്രകാരം കാസർഗോഡ് ജില്ലയിലെ വനവൽക്കരണത്തിനായുള്ള സ്ഥലങ്ങൾ വനം വകുപ്പിന് കൈമാറിക്കിട്ടിയിരുന്നു. ഇപ്രകാരം പ്രാരംഭഘട്ടത്തിൽ കൈമാറിയിരുന്ന 486 ഏക്കർ ഭൂമിയിൽ, കഡ്ലു വില്ലേജിലെ റീ സർവ്വെ നം. 382/1 ൽപ്പെട്ട 30.91 ഏക്കർ സ്ഥലവും ഉൾപ്പെട്ടിരുന്നു. ഇതിൽ നിന്നും സോഷ്യൽ ഫോറസ്റ്റി ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിനാവശ്യമായ 5 ഏക്കർ ഒഴികെ, ബാക്കിയുള്ള 25.91 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയ നിർമ്മാണത്തിനായി വിട്ടു നൽകിയിട്ടുണ്ടായിരുന്നു. ഇങ്ങനെ കൈമാറിയ 25.91 ഏക്കർ സ്ഥലത്തിനു പകരമായി കൊളത്തൂർ വില്ലേജിലെ റീ സർവ്വെ നം.11/1 ബിയിൽപ്പെട്ട 22.75 ഏക്കർ സ്ഥലം വനവൽക്കരണത്തിനായി വനം വകുപ്പിന് കൈമാറുന്നതിന് 21.2.1986 ലെ സ.ഉ (എം.എസ്) 147/86/ആർ ഡി പ്രകാരം ഉത്തരവായിരുന്നുവെങ്കിലും ടി ഭൂമി വനം വകുപ്പിന് ഇതുവരെയും കൈമാറി നൽകിയിട്ടില്ല.<br><br>കൊളത്തൂർ വില്ലേജിൽ ആകെയുണ്ടായിരുന്ന 24.75 ഏക്കർ റവന്യൂ ഭൂമിയിൽ 2 ഏക്കർ സ്ഥലം കൊളത്തൂർ ഗവ.എൽ.പി.സ്കൂൾ നിർമ്മാണത്തിനു വേണ്ടി റവന്യൂ വകുപ്പ് തന്നെ അനുവദിച്ചു കൊടുക്കുകയും ഇപ്പോൾ സ്ഥലത്ത് ടി സ്കൂൾ പ്രവർത്തിച്ചുവരികയുമാണെങ്കിലും, ബാക്കിയുള്ള കൊളത്തൂർ വില്ലേജിലെ കല്ലളി മുതൽ ക്ലമ്പളം പാറ വരെയുള്ള 22.75 ഏക്കർ |

| | |
|---|---|
| പരിഗണിക്കുമോ? | സ്ഥലം ചുറ്റുമതിൽ കെട്ടിയും കൃഷിയിറക്കിയും പല സ്വകാര്യ വ്യക്തികളുടെയും കൈവശങ്ങളിലായാണ് നിലനിൽക്കുന്നതെന്നതിനാൽ ടി കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വനം വകുപ്പിന് കൈമാറുകയോ വനം വകുപ്പ് ഇതുവരെയും ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.<br><br>കേന്ദ്രീയ വിദ്യാലയത്തിന്റെ നിർമ്മാണത്തിനും മറ്റുമായി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ നിന്നും വനം വകുപ്പ് വിട്ടുകൊടുത്ത കുഡ്ലു വില്ലേജിലെ 25.91 ഏക്കർ സ്ഥലത്തിന് പകരം ഭൂമി വനം വകുപ്പിന് ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ, മൃഗസംരക്ഷണ വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള ശുപാർശ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ